അന്വേഷണങ്ങൾ എന്ന വ്യായാമം

കോന്നിയൂർ ആർ. നരേന്ദ്രനാഥ്

> **അന്വേഷണക്കമ്മീഷനുകൾ ഏതു സമരക്കാരുടെയും ആവശ്യമായിരിക്കുന്നു. ലക്ഷ്യങ്ങൾ പിലവഴിച്ച് സർക്കാരുകൾ പ്രതിപക്ഷത്തെയോ മററാളുകളെയോ തൃപ്തിപ്പെടുത്താൻ നടത്തുന്ന അന്വേഷണങ്ങളിലെ പൊള്ളത്തരം വെളിവാക്കുകയാണ് ഈ ലേഖനത്തിലൂടെ ശ്രീ നരേന്ദ്രനാഥ് ചെയ്യുന്നതു്.**

ഇടയ്ക്കിടെ കേൾക്കാറുള്ള ഒരു കാര്യമാണല്ലോ അന്വേഷണമോ എൻക്വയറികമ്മീഷനോ വേണമെന്നു് ആവശ്യപ്പെടുന്നതു്. കക്ഷിഭേദമെന്യേ ഈ ആവശ്യം ''ശക്തിയായി'' ഉന്നയിച്ചു വരുന്നു. എന്തിനെപ്പററിയും ഇതു് ആവശ്യപ്പെടാം. ~~ഈ അട്ടഹാസകാലത്തു്~~ കേരളത്തിൽ മാത്രം ഇത്തരത്തിലുള്ള ആവശ്യം എത്രയാണു് ഉയർന്നുവന്നിട്ടുള്ളതു്! തിരുവനന്തപുരത്തെ എ. കെ. ജി. സ്മാരകത്തെപ്പററിയാണു് ഒടുവിലത്തേതെന്നു് തോന്നുന്നു. ഏതായാലും അതു് അവസാനത്തേതല്ലെന്നു തീർച്ച! ആലോചിച്ചാൽ ഇതിനെപ്പററി തമാശയ്ക്കു വകയുണ്ടു്. അന്വേഷണം വേണമെന്നു് ഇവിടെ ആവശ്യപ്പെടുന്നവരെല്ലാം കാൺഗ്രസ്സുകാരാണു്. അവർ പറയുന്നതു കേട്ടാൽ തോന്നും, പുതിയ സർക്കാർ വന്നതിനുശേഷം ഉണ്ടായിട്ടുള്ളതാണു "എ. കെ. ജി. സ്മാരകഗൃഹമെന്നു്! കാൺഗ്രസ്സുകാർ ഭരിച്ച കാലത്തും ഇന്നത്തെപ്പോലെ അതു് അവിടെ സ്ഥിതി ചെയ്തിരുന്നു. അന്നു് എന്തുകൊണ്ടു് അവർക്കു കാര്യമായ, ''നിഷ്പക്ഷമായ'', ഒരന്വേഷണം നടത്താൻ താല്പര്യമില്ലായിരുന്നു? എ. കെ. ജി. സ്മാരകക്കാർ കുററം ചെയ്തെന്നു് വിശ്വാസമുണ്ടായിരുന്നെങ്കിൽ, കുററക്കാരെ കൈകാര്യം ചെയ്യാതെ അന്നു കത്തിയിരുന്നതു്, കഠിനമായ കുററമല്ലേ?

ആനുഷംഗികമായി ഇത്രയും പറഞ്ഞെന്നേയുള്ളു. ഭാരതം സ്വാതന്ത്ര്യം കൈവരിച്ച ശേഷം കേന്ദ്രസർക്കാർ നിയമിച്ച അന്വേഷണക്കമ്മിററികളും, കമ്മീഷനുകളും അത്തരത്തിലുള്ള വസ്തുതാശേഖരണ സംവിധാനങ്ങളും ഗൗരവത്തോടെ കർത്തവ്യമനുഷ്ഠിച്ചു്, കണ്ടെത്തിയ കാര്യങ്ങളുടെ വിവരങ്ങൾ സംക്ഷിപ്തമായി രേഖപ്പെടുത്തിയിട്ടുള്ള പുസ്തക പരമ്പരതന്നെയുണ്ടു്. റഫറൻസിനു് വളരെ ഉതകുന്ന പുസ്തകപരമ്പരയിൽ, പത്തോളമെണ്ണം കാണുവാൻ നല്ല വായനശാലയിൽ പോയാൽ മതി. ഈ പരമ്പരയിൽ ഇനിയും പുറത്താകാൻ പത്തുകൊല്ലത്തിലേറെ കാലത്തെ വസ്തുതകളുണ്ടു്. ഇതു് കേന്ദ്രസർക്കാരിൻെറ ചുമതലയിൽ പെട്ടവ മാത്രമാണതാനും! ഓരോ സംസ്ഥാനങ്ങളിൽ ആധികാരികമായി കർത്തവ്യമനുഷ്ഠിക്കുവാൻ നിയമിതമായ കമ്മററി / കമ്മീഷനുകളുടെ പട്ടിക കിട്ടാൻ വഴിവളരെയില്ല. ഉദാഹണത്തിനു് കേരളത്തിലെ വസ്തുസ്ഥിതികളറിയാൻ ആധികാരിക പ്രസിദ്ധീകരണങ്ങളുള്ളതായിട്ടറിവില്ല. കുറെ വർഷങ്ങൾക്കുമുമ്പു് സംസ്ഥാനങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ഓർഡിനൻസുകളെയും, അവയുടെ പുനഃപ്രഖ്യാപനങ്ങളെയും സംബന്ധിച്ച ഒരു ആധികാരിക ഗ്രന്ഥം പ്രസിദ്ധീകരിക്കുകയുണ്ടായി. അതിലൂടെ വെളിപ്പെട്ട വസ്തുതകൾ ഏറക്കുറെ ''ഞെട്ടിക്കു''ന്നവതന്നെയായിരുന്നു! കാലഹരണപ്പെടുമ്പോൾ വീണ്ടും വീണ്ടും പുനഃപ്രഖ്യാപനം നടത്തി ഓർഡിനൻസുകൾക്കു് പുതുജീവൻ കൊടുക്കുന്ന നയം ഒരു സാമാന്യ രീതിയാക്കിയിട്ടുള്ള സംസ്ഥാനങ്ങൾ എത്രയാണു്! അസാധാരണമായ സാഹചര്യത്തിൽ പ്രതിസന്ധി ഒഴിവാക്കാൻ സ്വീകരിക്കേണ്ട സജ്ജീകരണമാണു് ഓർഡിനൻസുകൾ! എന്നാൽ ഇതിനെ ഒരു സർവ്വസാധാരണമായ സൗകര്യമാക്കിത്തീർത്തു നമ്മുടെ ജനാധിപത്യഭരണ വിചക്ഷണന്മാർ!

ഒരു അന്വേഷണക്കമ്മീഷനോ, അന്വേഷണക്കമ്മററിയോ അവരേററെടുത്ത ഉത്തരവാദിത്വം പൂർത്തിയാക്കുമ്പോൾ, സമയം മാത്രമല്ല നല്ല തോതിൽ പണവും ഉപയോഗപ്പെടുത്തിയിരിക്കും. നല്ലതുപോലെ പണച്ചിലവുള്ള കാര്യമാണു് ഇതെന്നർത്ഥം! ഈ പണം കൊടുക്കുന്നതു് നിങ്ങളുടെയും എൻെറയും നികുതികളിലൂടെയും മററും സംഭരിക്കുന്ന തുകയിൽ നിന്നാണു്! ഇന്ദിരാഗാന്ധിയുടെ വധത്തെപ്പററി അന്വേഷണം നടത്തിയ താക്കർ കമ്മീഷൻ റിപ്പോർട്ട് പാർലമെൻററിൽ പോലും കാണിച്ചിട്ടില്ല! അതിനു് ചിലവായ തുക 22,84,991 ഉറുപ്പികയായിരുന്നെന്നു് ചോദ്യോത്തരവേളയിൽ വ്യക്തമായി. കമ്മീഷൻറിപ്പോർട്ടുകൾ പുറത്തുകാണിക്കാതെ ഇങ്ങനെ എത്രയെത്ര സംഭവങ്ങളാണുള്ളതു്! റിപ്പോർട്ടു് പ്രസിദ്ധീകരിച്ചിട്ടു്, അതിൻെറ മേൽ ഒരു നടപടിയും കൈക്കൊള്ളാതെ കഴിഞ്ഞിട്ടുള്ളതിനു്, അവയേക്കാളേറെ ഉദാഹരണങ്ങളുണ്ടു്. വ്യാപ്തികൊണ്ടും പ്രാധാന്യം കൊണ്ടും പ്രസക്തികൊണ്ടും ഷാ കമ്മീഷൻ റിപ്പോർട്ടിനെപ്പോലെ ഒരു പ്രമാണം ഭാരത സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഇവിടെ ഉണ്ടായിട്ടില്ല. അതിനു ചിലവായ സംഖ്യഎത്രയെന്നു വ്യക്തമല്ല. വേണ്ടിവന്ന സമയവും പ്രയത്നവും അതിബൃഹത്തായിരുന്നു. ഇങ്ങനെയെല്ലാമായിട്ടും റിപ്പോർട്ടുപ്രസിദ്ധീകരിച്ച ശേഷം എന്തു സംഭവിച്ചു? കുററവാളികളെ എത്രപേരെ ശിക്ഷിച്ചു? മററു നടപടികൾ എന്തൊക്കെയുണ്ടായി?

> **മേൽ നടപടികൾക്കു് ഉറപ്പില്ലാതെ അന്വേഷണക്കമ്മററികളും കമ്മീഷനുകളും ഏർപ്പെടുത്തുന്നതുകൊണ്ടു് പൗരൻമാർക്കു് എന്തു പ്രയോജനം? രാഷ്ട്രീയ ചതുരംഗക്കളിയിലെ ഒരു കരു എന്ന നിലയിലായിത്തീർന്നിരിക്കുന്നു കുററാന്വേഷണങ്ങളും കമ്മീഷനുകളും, ഇവ വൃഥാ വ്യായാമത്തിനുള്ള ഒരു ഏർപ്പാടാണു്.**

മേൽ നടപടികൾക്കു് ഉറപ്പില്ലാതെ, അന്വേഷണക്കമ്മററികളും കമ്മീഷനുകളും ഏർപ്പെടുത്തുന്നതുകൊണ്ടു് പൗരന്മാർക്കു് എന്തുപ്രയോജനം? രാഷ്ട്രീയ ചതുരംഗക്കളിയിലെ ഒരു കരു എന്ന നിലയിലായിത്തീർന്നിരിക്കുന്നു കുററാന്വേഷണങ്ങളും കമ്മീഷനുകളും. ഇന്നു് ഇവ വൃഥാ വ്യായാമത്തിനുള്ള ഒരു ഏർപ്പാടാണു്. ഇതാവശ്യപെടുന്നവർക്കു് ഇക്കാര്യങ്ങൾ നല്ലതുപോലെ അറിയാം. പൊതുജനങ്ങളുടെ താല്പര്യങ്ങളുടെ പേരിൽ അന്വേഷണ റിപ്പോർട്ടുകളിൽ എത്രയെണ്ണം മേൽ നടപടികളൊന്നുമെടുക്കാതെ മരവിച്ചിട്ടുണ്ടെന്ന വസ്തുത കണ്ടെത്തുന്നതിനു്, ഒരു അന്വേഷണക്കമ്മററി രൂപീകരിക്കുന്നതു്, നമ്മുടെ നേതാക്കന്മാരുടെ കള്ളക്കളികൾ കണ്ടുപിടിക്കുവാൻ ഉതകുമെന്നു തീർച്ചയാണു്.